2. വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ആന്റ് നേച്ചർ കൺസർവേഷൻ- വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം ഒഴിവാക്കുന്നതിലേക്കായി വൈദ്യുതി കമ്പിവേലി നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകിയും, സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ മോട്ടോർ സൈക്കിളുകൾ വിതരണം ചെയ്തും സഹായം നൽകിയിട്ടുണ്ട്.

3. ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ ജൈവവൈവിധ്യസംരക്ഷണത്തിനും കാട്ടുതീ തടയുന്നതിനും ജനപങ്കാളിത്തത്തോടെ വനസംരക്ഷണ പ്രവർത്തനങ്ങൾക്കും പദ്ധതിവിഹിതം ലഭിക്കാറുണ്ട്.

(ഡി) നിലവിൽ ഒന്നും ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്ര സർക്കാരിന്റെ പഴം, പച്ചക്കറി കയറ്റുമതി പദ്ധതിയിൽ മലബാർ മേഖലയെക്കൂടി ഉൾപ്പെടുത്താൻ നടപടി

5 (*691) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ പഴം, പച്ചക്കറി കയറ്റുമതി പദ്ധതിക്കായി കേരളത്തിലെ ഒൻപത് ജില്ലകളെ തെരഞ്ഞെടുത്ത നടപടിയെക്കുറിച്ച് വിശദീകരിക്കാമോ ;

(ബി) പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ കൂടുതലായി കൃഷി ചെയ്യുന്ന മലപ്പുറം, കോഴിക്കോട് ജില്ലകളുൾപ്പെടെ മലബാർ മേഖലയെ ഈ പദ്ധതിയിൽനിന്നും ഒഴിവാക്കിയ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) മലബാർ മേഖലയെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ-സി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കയറ്റിറക്കുമതി നയത്തിന്റെ ഭാഗമായി കയറ്റുമതി വർദ്ധിപ്പിക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയാണ് കാർഷിക കയറ്റുമതി മേഖലകൾ രൂപീകരിക്കുന്നത്. ഓരോ കയറ്റുമതി മേഖലയും അനുവദിക്കുന്നത് കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ അനുസരിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ഒരു പ്രത്യേക പ്രദേശത്തെ വിളകൾ തെരഞ്ഞെടുത്ത് അവയുടെ ഉല്പാദനം മുതൽ കയറ്റുമതി വരെയുള്ള കാര്യങ്ങൾ ഏകോപിച്ചുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അടുത്തടുത്ത് സ്ഥിതിചെയ്യുന്നതും മറ്റ് സൗകര്യങ്ങളും പരിഗണിച്ചാണ് കേരളത്തിൽ പഴം, പച്ചക്കറികൾക്ക് വേണ്ടി കാർഷിക കയറ്റുമതി മേഖല തിരുവനന്തപുരം മുതൽ പാലക്കാട് വരെയുള്ള ഒൻപത് ജില്ലകളെ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

കേന്ദ്ര സർക്കാർ സംസ്ഥാനത്തിനനുവദിച്ച ആദ്യത്തെ കയറ്റുമതി മേഖലയാണ് പഴം, പച്ചക്കറി കയറ്റുമതി മേഖല. മുകളിൽ പറഞ്ഞ നിബന്ധനകൾ അനുസരിച്ച് സംസ്ഥാനത്തെ മറ്റ് ജില്ലകളെ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞില്ല.

(ഡി) ഇപ്പോൾ അനുവദിച്ച പഴം, പച്ചക്കറി കയറ്റുമതി മേഖലയിൽ മലബാർ മേഖലയെ ഉൾക്കൊള്ളിച്ചിട്ടില്ലെങ്കിലും സംസ്ഥാനത്ത് പുഷ്പകൃഷി, ഔഷധസസ്യങ്ങൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയ്ക്കുവേണ്ടി കാർഷിക കയറ്റുമതി മേഖലകൾ സ്ഥാപിക്കുവാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവ രൂപീകരിക്കുമ്പോൾ മലബാർ മേഖലയെകൂടി ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതാണ്.

ബസുമതി നെൽ കർഷകർക്ക് പ്രോത്സാഹനം

6 (*692) ശ്രീ. എ. കെ. മണി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബസുമതി നെല്ല് എവിടെയെല്ലാം കൃഷി ചെയ്യുന്നു ;

(ബി) അതിന്റെ ഉൽപ്പാദനക്ഷമത എത്രയാണ് ;

(സി) ബസുമതി നെൽകൃഷി കർഷകർക്ക് ലാഭകരമാണോ ;

(ഡി) എങ്കിൽ അതിനുവേണ്ട പ്രോത്സാഹനം നൽകുമോ എന്ന് വ്യക്തമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) വയനാട് ജില്ലയിൽ 12 ഹെക്ടർ സ്ഥലത്ത് ബസുമതി നെല്ല് കൃഷി ചെയ്യുന്നുണ്ട്.

(ബി) ബസുമതി നെല്ലിന്റെ ഉൽപാദനക്ഷമത ഒരു ഹെക്ടറിൽ 1.5-2 ടൺ ആണ്.

(സി&ഡി) ബസുമതി നെല്ല് സംസ്ക്കരിച്ച് അരിയാക്കുന്നതിന് അതാതു സ്ഥലത്ത് സംസ്ക്കരണ യൂണിറ്റുകൾ ഇപ്പോൾ നിലവിലില്ല. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ കീഴിലുള്ള പന്തളം ഹെർബൽ ഗാർഡൻസിൽ ഉള്ള ഏക

LIBRARY ARCHIVES Kerala Legislative Assembly